ടെലിഫോൺ : 0471-2512585/2638
തിരുവനന്തപുരം
പിൻ-695 033

ഭരണഭാഷ-മാതൃഭാഷ
ഫാക്സ് : 0471-2512375, 2305891
E-mail : cpsta@niyamasabha.nic.in
Website : www.niyamasabha.org

# പാർലമെന്ററി പഠന പരിശീലന കേന്ദ്രം
# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

നമ്പർ : 729 /സി.പി.എസ്.ടി എ 3/2018/നി.സെ.

തിരുവനന്തപുരം,
09.03.2018.

## വിജ്ഞാപനം

വിഷയം :- കേരള നിയമസഭാ സെക്രട്ടേറിയറ്റ് - നിയമസഭാ മാധ്യമ അവാർഡ്- അപേക്ഷ ക്ഷണിക്കുന്നത് സംബന്ധിച്ച്.

..............

ജനാധിപത്യ വ്യവസ്ഥിതി നിലനിർത്തുന്നതിലും പൊതുജനാഭിപ്രായം രൂപപ്പെടുത്തുന്നതിലും മാധ്യമങ്ങൾക്കുള്ള ഉത്തരവാദിത്വവും പ്രാധാന്യവും കണക്കിലെടുത്തും വാർത്തകൾ വസ്തുതാപരമായും ശരിയായ ദിശാബോധത്തോടെയും സമൂഹത്തിൽ എത്തിക്കുക എന്ന മാധ്യമധർമ്മത്തെ പ്രോത്സാഹിപ്പിക്കുന്നതിനും മാധ്യമങ്ങളുടെ പങ്കാളിത്തത്തോടെ പൊതുസമൂഹത്തെ ബാധിക്കുന്ന പ്രശ്നങ്ങളിൽ സർക്കാരിന്റെ ഫലപ്രദമായ ഇടപെടലുകൾക്ക് കരുത്തേകുന്നതിനും മലയാളഭാഷയുടെയും സംസ്കാരത്തിന്റെയും സാഹിത്യത്തിന്റെയും പരിപോഷണത്തിന് മാധ്യമങ്ങൾ വഹിക്കുന്ന പങ്ക് അംഗീകരിച്ചും പാർലമെന്ററി നടപടികളെ സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് നിയമസഭാ നടപടികളെ സംബന്ധിച്ച റിപ്പോർട്ടിംഗ് പ്രോത്സാഹിപ്പിക്കുന്നതിനുമായി കേരള നിയമസഭ 2017 മുതൽ ഏർപ്പെടുത്തിയിരിക്കുന്ന താഴെപ്പറയും പ്രകാരമുള്ള മൂന്ന് വ്യത്യസ്ത വിഭാഗത്തിലുള്ള മാധ്യമ അവാർഡുകളുടെ 2018 -ലേയ്ക്കുള്ള എൻട്രികൾ ക്ഷണിക്കുന്നു.

(1) 'ആർ. ശങ്കരനാരായണൻ തമ്പി നിയമസഭാ മാധ്യമ അവാർഡ്' – മലയാള ഭാഷയുടെയും സംസ്കാരത്തിന്റെയും പരിപോഷണത്തിനുതകുന്ന മികച്ച മാധ്യമ സൃഷ്ടിക്കുള്ള അവാർഡ്;

(2) 'ഇ.കെ. നായനാർ നിയമസഭാ മാധ്യമ അവാർഡ് '– പൊതു സമൂഹത്തെ സ്വാധീനിക്കുകയും പൊതുസമൂഹത്തിൽ ഏറെ ചർച്ച ചെയ്യപ്പെടുകയും ചെയ്ത അന്വേഷണാത്മക മാധ്യമ റിപ്പോർട്ടിംഗിനുള്ള അവാർഡ്;

(3) 'ജി.കാർത്തികേയൻ നിയമസഭാ മാധ്യമ അവാർഡ് '– നിയമസഭാ നടപടികൾ സംബന്ധിച്ച മികച്ച റിപ്പോർട്ടിംഗിനുള്ള അവാർഡ്.

- മേൽപറഞ്ഞ മൂന്ന് വിഭാഗങ്ങളിലും അച്ചടി -ദൃശ്യ മാധ്യമ വിഭാഗങ്ങൾക്കായി പ്രത്യേകം അവാർഡുകൾ (ആകെ ആറ് അവാർഡുകൾ) ഉണ്ടായിരിക്കും.
- അൻപതിനായിരം രൂപ, പ്രശസ്തിപത്രം, ഫലകം എന്നിവ അടങ്ങുന്നതാണ് ഓരോ അവാർഡും.
- 2018 -ലെ അച്ചടി മാധ്യമ വിഭാഗത്തിലുള്ള അവാർഡിനായി സമർപ്പിക്കുന്ന റിപ്പോർട്ട്/ഫീച്ചർ/ലേഖനം എന്നിവ മലയാളത്തിലുള്ളതും കേരളത്തിൽ നിന്നും പ്രസിദ്ധീകരിക്കുന്നതും 2017 ജനുവരി 1 നും 2017 ഡിസംബർ 31-നും ഇടയിൽ ആദ്യമായി പ്രസിദ്ധീകരിച്ചിട്ടുള്ളതും, പ്രസിദ്ധീകരിച്ച ശേഷം എഡിറ്റ് ചെയ്യാത്തതുമായിരിക്കേണ്ടതാണ്.

- 2018 -ലെ ദൃശ്യ മാധ്യമ അവാർഡിനായി സമർപ്പിക്കുന്ന റിപ്പോർട്ട്/ ഷോർട്ട് ഫിലിം/ പരിപാടി മലയാളത്തിലുള്ളതും 2017 ജനുവരി 1 നും 2017 ഡിസംബർ 31 നും ഇടയിൽ ആദ്യമായി സംപ്രേഷണം ചെയ്തിട്ടുള്ളതും സംപ്രേഷണം ചെയ്ത ശേഷം എഡിറ്റ് ചെയ്യാത്തതുമായിരിക്കേണ്ടതാണ്.

- മാധ്യമ അവാർഡ് നൽകുന്നത് സംബന്ധിച്ച എല്ലാ നടപടികളും നിയമസഭാ മാധ്യമ അവാർഡ് സ്കീം-2017-ലെ നിർദ്ദേശങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

അവാർഡിനായി എൻട്രികൾ നൽകുവാൻ ആഗ്രഹിക്കുന്നവർ, നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ, എൻട്രി പ്രസിദ്ധീകരിച്ചത്/സംപ്രേഷണം ചെയ്തത് സംബന്ധിച്ച സ്ഥാപന മേധാവിയുടെ നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രം, എൻട്രികളുടെ 6 പകർപ്പുകൾ ( ദൃശ്യ മാധ്യമ അവാർഡിനുള്ളവയുടെ 6 ഡി.വി.ഡി പകർപ്പുകൾ) എന്നിവ സഹിതം 2018 ഏപ്രിൽ 5-ാം തീയതി വൈകിട്ട് 3.00 മണിക്ക് മുൻപായി സെക്രട്ടറി, കേരള നിയമസഭാ സെക്രട്ടേറിയറ്റ്, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം-33 എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്.

അവാർഡിനെ സംബന്ധിച്ച വിശദമായ സ്കീമും അപേക്ഷാ ഫാറവും കേരള നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റായ www.niyamsabha.org-യിൽ ലഭ്യമാണ്.

വി.കെ.ബാബുപ്രകാശ്,
സെക്രട്ടറി.

അനുബന്ധം

# കേരള നിയമസഭ

## പാർലമെന്ററി പഠന പരിശീലന കേന്ദ്രം

## നിയമസഭാ മാധ്യമ അവാർഡ് സ്കീം -2017

**1. ആമുഖം, പേര്, പ്രാരംഭം**

i) സംസ്ഥാനത്തിന്റെ ഭരണസംവിധാനം ജനാധിപത്യവ്യവസ്ഥയിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിൽ കേരള നിയമസഭ എക്കാലവും ശ്രദ്ധ പുലർത്തിയിട്ടുണ്ട്. നിയമസഭയുടെയും സർക്കാരിന്റെയും പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ വസ്തുനിഷ്ഠമായി ജനങ്ങളിലെത്തിക്കുക എന്ന പരമപ്രധാനമായ ഉത്തരവാദിത്വം മാധ്യമങ്ങൾക്കുണ്ട്. ജനാധിപത്യമൂല്യങ്ങളിൽ അടിയുറച്ചുനിന്ന് സാമൂഹിക വികസനത്തിനാവശ്യമായ നടപടികൾ നിർദ്ദേശിക്കുകയും സമൂഹത്തിന്റെ പ്രശ്നങ്ങൾ വിശകലനം ചെയ്യുകയും പരിഹാരമാർഗ്ഗം തേടുകയും ചെയ്യുന്ന നിയമസഭയും നിയമസഭയുടെ പ്രവർത്തനങ്ങളും സർക്കാരിന്റെ നയങ്ങളും പരിപാടികളും വസ്തുതാപരമായും ലളിതമായ ഭാഷയിലും ശൈലിയിലും പൊതുസമൂഹത്തിലെത്തിക്കുന്ന മാധ്യമങ്ങളും പരസ്പരപൂരകങ്ങളായി വർത്തിക്കുന്നു. പൊതുസമൂഹത്തെപ്പറ്റി സദാ ജാഗരൂകരായ മാധ്യമങ്ങളിലൂടെ നിയമസഭ ജനങ്ങളുടെ വികാരവിചാരങ്ങൾ തൊട്ടറിയുന്നു. ജനാധിപത്യമൂല്യങ്ങൾക്ക് ഇടിവു തട്ടാതെ ജനക്ഷേമകരമായ പ്രവർത്തനങ്ങൾ നടത്തുന്നതിനും എക്സിക്യൂട്ടീവിന്റെ പ്രവർത്തനങ്ങൾക്കു മേൽ ആവശ്യമായ നിയന്ത്രണമേർപ്പെടുത്തുന്നതിനും നിയമസഭയ്ക്ക് അത് കരുത്തേകുന്നു.

ജനാധിപത്യ വ്യവസ്ഥിതി നിലനിർത്തുന്നതിലും പൊതുജനാഭിപ്രായം രൂപപ്പെടുത്തുന്നതിലും മാധ്യമങ്ങൾക്കുള്ള ഉത്തരവാദിത്വവും പ്രാധാന്യവും കണക്കിലെടുത്തും വാർത്തകൾ വസ്തുതാപരമായും ശരിയായ ദിശാബോധത്തോടെയും സമൂഹത്തിൽ എത്തിക്കുക എന്ന മാധ്യമധർമ്മത്തെ പ്രോത്സാഹിപ്പിക്കുന്നതിനും മാധ്യമങ്ങളുടെ പങ്കാളിത്തത്തോടെ പൊതുസമൂഹത്തെ ബാധിക്കുന്ന പ്രശ്നങ്ങളിൽ സർക്കാരിന്റെ ഫലപ്രദമായ ഇടപെടലുകൾക്ക് കരുത്തേകുന്നതിനും മലയാളഭാഷയുടെയും സംസ്കാരത്തിന്റെയും സാഹിത്യത്തിന്റെയും പരിപോഷണത്തിന് മാധ്യമങ്ങൾ വഹിക്കുന്ന പങ്ക് അംഗീകരിച്ചും മാധ്യമസൃഷ്ടികൾ വിലയിരുത്തിയും അച്ചടി-ദൃശ്യ മാധ്യമങ്ങളിലൂടെയുള്ള സംഭാവനകളെ മൂന്ന് വ്യത്യസ്ത വിഭാഗങ്ങളായിത്തിരിച്ച് ഓരോ വിഭാഗത്തിൽ നിന്നും രണ്ട് അവാർഡുകൾ വീതം ആകെ ആറ് അവാർഡുകൾ ഏർപ്പെടുത്തിയിരിക്കുന്നു. മലയാള ഭാഷയുടെയും സംസ്കാരത്തിന്റെയും

പരിപോഷണത്തിന് ശക്തി പകരുന്ന സൃഷ്ടികൾ, പൊതു സമൂഹത്തെ സ്വാധീനിക്കുകയും സമൂഹത്തിൽ ഏറെ ചർച്ച ചെയ്യപ്പെടുകയും ചെയ്ത അന്വേഷണാത്മക മാധ്യമ പ്രവർത്തനം, നിയമസഭാ നടപടികളുടെ ഏറ്റവും മികച്ച റിപ്പോർട്ടിംഗ് എന്നിങ്ങനെ മൂന്ന് മേഖലകളിലെ ദൃശ്യ-അച്ചടി മാധ്യമ വിഭാഗങ്ങളിലാണ് വെവ്വേറെ അവാർഡ് ഏർപ്പെടുത്തിയിരിക്കുന്നത്.

ii) ഈ സ്കീം 'നിയമസഭാ മാധ്യമ അവാർഡ് സ്കീം-2017' എന്നറിയപ്പെടുന്നതാണ്.

iii) ഈ സ്കീം ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

## 2. അവാർഡുകളുടെ പേരുവിവരം

(i) **'ആർ. ശങ്കരനാരായണൻ തമ്പി നിയമസഭാ മാധ്യമ അവാർഡ്'- 2 എണ്ണം**
മലയാള ഭാഷയുടെയും സംസ്കാരത്തിന്റെയും പരിപോഷണത്തിനുതകുന്ന മികച്ച മാധ്യമ സൃഷ്ടിക്കുള്ള അവാർഡ്.

(ii) **'ഇ. കെ. നായനാർ നിയമസഭാ മാധ്യമ അവാർഡ്'- 2 എണ്ണം**
പൊതു സമൂഹത്തെ സ്വാധീനിക്കുകയും പൊതു സമൂഹത്തിൽ ഏറെ ചർച്ച ചെയ്യപ്പെടുകയും ചെയ്ത മികച്ച അന്വേഷണാത്മക മാധ്യമ പ്രവർത്തനത്തിനുള്ള അവാർഡ്

(iii) **'ജി. കാർത്തികേയൻ നിയമസഭാ മാധ്യമ അവാർഡ്' - 2 എണ്ണം**
നിയമസഭാ നടപടികൾ സംബന്ധിച്ച മികച്ച റിപ്പോർട്ടിംഗിനുള്ള അവാർഡ്

## 3. അവാർഡുതുകയും പ്രശസ്തിപത്രവും

ദൃശ്യ-അച്ചടി മാധ്യമങ്ങൾക്ക് പ്രത്യേക അവാർഡുകളായി മൂന്ന് വിഭാഗങ്ങൾക്കും കൂടി ആകെ ആറ് അവാർഡുകളാണുള്ളത്. അൻപതിനായിരം രൂപയും പ്രശസ്തി പത്രവും ഫലകവും അടങ്ങുന്നതാണ് ഓരോ അവാർഡും.

## 4. നിബന്ധന

ഓരോ അവാർഡിനും വേണ്ടി നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷാ ഫോമിൽ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. മാതൃകാ അപേക്ഷാഫോറം അനുബന്ധമായി ചേർത്തിരിക്കുന്നു. ലഭിക്കുന്ന അപേക്ഷകളിൽ നിന്നും മികച്ച സൃഷ്ടികളെ തെരഞ്ഞെടുക്കുന്നത് താഴെപ്പറയുന്ന നിബന്ധനകളുടെ അടിസ്ഥാനത്തിലായിരിക്കുന്നതാണ്.

I. <u>ആർ ശങ്കരനാരായണൻ തമ്പി നിയമസഭാ മാധ്യമ അവാർഡ്</u>

ആർ ശങ്കരനാരായണൻ തമ്പി നിയമസഭാ മാധ്യമ അവാർഡിനായുള്ള സൃഷ്ടികൾ,

(i) മലയാള ഭാഷയോടുള്ള ആഭിമുഖ്യം സമൂഹത്തിൽ വളർത്തിയെടുക്കുന്നതിന് സഹായകമായതോ;

(ii) കേരള സംസ്കാരത്തിന്റെ ഭാഗമായ ആചാരാനുഷ്ഠാനങ്ങൾ, കലാരൂപങ്ങൾ തുടങ്ങിയവ മൺമറഞ്ഞു പോകാത്തവിധം മാധ്യമങ്ങളിലൂടെ പുതുതലമുറയ്ക്കുകൂടി പരിചിതമാക്കുന്നതോ;

(iii) ഭാഷയുടെ ഉത്ഭവവും കാലാകാലങ്ങളിലൂടെയുണ്ടായ പരിണാമവും വളർച്ചയും സംബന്ധിച്ചതോ;

(iv) മലയാള ഭാഷാ വാമൊഴിയുടെ വൈവിധ്യം മറ്റു ഭാഷകളുടെയും പ്രമുഖ ഭാഷാ ഭേദങ്ങളുടെയും കടന്നുകയറ്റത്തിലൂടെ നഷ്ടമാകാതെ സംരക്ഷിക്കുന്നതിന് സഹായകമായതോ ആയിരിക്കേണ്ടതാണ്.

II. ഇ. കെ. നായനാർ നിയമസഭാ മാധ്യമ അവാർഡ്

ഇ. കെ. നായനാർ നിയമസഭാ മാധ്യമ അവാർഡിനായുള്ള സൃഷ്ടികൾ,

(i) പൊതു സമൂഹത്തിൽ ഏറെ ചർച്ച ചെയ്യപ്പെടുകയും പൊതു സമൂഹത്തെ ഏറെ സ്വാധീനിക്കുകയും ചെയ്ത അന്വേഷണാത്മകമായ രൂപത്തിലുള്ളതോ;

(ii) പൊതു സമൂഹത്തെ പ്രത്യക്ഷമായോ പരോക്ഷമായോ ബാധിക്കുന്ന വിഷയങ്ങളെ ആഴത്തിൽ പഠിച്ച്, പ്രശ്നങ്ങൾ ദൂരീകരിക്കുന്നതിന് ക്രിയാത്മക നിർദ്ദേശങ്ങൾ നൽകുന്ന തരത്തിലുള്ളതോ;

(iii) ജനാധിപത്യ മൂല്യങ്ങളെക്കുറിച്ചും അവ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചോ ജനാധിപത്യ സംവിധാനം കേരളത്തിലെയും ഇന്ത്യയിലെയും ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് നൽകിയിട്ടുള്ള സംഭാവനകളെക്കുറിച്ചോ ഉള്ള പഠനങ്ങളോ ;

(iv) കേരളത്തിലും ഇന്ത്യയിലും ജനാധിപത്യ വ്യവസ്ഥിതി നേരിടുന്ന വെല്ലുവിളികൾ, അവ നേരിടുവാൻ വിവിധ തലങ്ങളിൽ സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ എന്നിവയെ ആസ്പദമാക്കിയുള്ളവയോ ആയിരിക്കേണ്ടതാണ്.

III. ജി. കാർത്തികേയൻ നിയമസഭാ മാധ്യമ അവാർഡ്

ജി. കാർത്തികേയൻ നിയമസഭാ മാധ്യമ അവാർഡിനായുള്ള എൻട്രികൾ,

(i) സർക്കാരിന്റെ നയരൂപീകരണത്തിൽ കേരള നിയമസഭയിലെ ചർച്ചകൾ വഹിക്കുന്ന പങ്ക് വിശദമാക്കുന്ന സഭാ നടപടി റിപ്പോർട്ടോ;

(ii) നിയമനിർമ്മാണത്തിൽ കേരള നിയമസഭയിലെ ചർച്ചകൾ വഹിക്കുന്ന പങ്ക് വിശദമാക്കുന്ന തരത്തിലോ സമാനസ്വഭാവത്തിലോ ഉള്ള സഭാ നടപടി റിപ്പോർട്ടോ;

(iii) വരും വർഷത്തെ ചെലവിനങ്ങളും അനുവദിക്കേണ്ട തുകയും സംബന്ധിച്ച തീരുമാനങ്ങളിൽ കേരള നിയമസഭയിലെ ചർച്ചകൾ വഹിക്കുന്ന പങ്ക് വിശദമാക്കുന്ന സഭാ നടപടി റിപ്പോർട്ടോ മറ്റേതെങ്കിലും തരത്തിലുള്ള സഭാനടപടികളെ സംബന്ധിച്ച സമഗ്രമായ നടപടി റിപ്പോർട്ടോ ആയിരിക്കേണ്ടതാണ്.

(I) അച്ചടി മാധ്യമ അവാർഡിനുള്ള പൊതു നിബന്ധനകൾ

(i) അപേക്ഷകൻ/ അപേക്ഷക കേരളത്തിൽ നിന്നും പ്രസിദ്ധീകരിക്കുന്ന മലയാളത്തിലുള്ള പ്രസിദ്ധീകരണങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വ്യക്തിയായിരിക്കണം.

(ii) അവാർഡിനായി സമർപ്പിക്കുന്ന റിപ്പോർട്ട്/ഫീച്ചർ/ലേഖനം മലയാളത്തിലുള്ളതും മുൻവർഷം ജനുവരി 1നും ഡിസംബർ 31-നും ഇടയിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമായിരിക്കേണ്ടതാണ്.

(iii) അവാർഡിനായുള്ള സൃഷ്ടികൾ പ്രസിദ്ധീകരിച്ച രൂപത്തിൽ തന്നെ സമർപ്പിക്കേണ്ടതാണ്. പ്രസിദ്ധീകരിച്ച ശേഷം എഡിറ്റ് ചെയ്ത് അവാർഡിനായി സമർപ്പിക്കപ്പെടുന്നവ പരിഗണിക്കുന്നതല്ല.

(iv) സൃഷ്ടികൾ പ്രസിദ്ധീകരണത്തിന്റെ ചീഫ് എഡിറ്റർ അഥവാ തത്തുല്യ പദവി വഹിക്കുന്ന വ്യക്തി സാക്ഷ്യപ്പെടുത്തിയും ആറ് പകർപ്പുകൾ സഹിതവും സമർപ്പിക്കേണ്ടതാണ്.

(v) ഒരു വ്യക്തിയ്ക്ക് ഒരു വിഭാഗത്തിലോ മൂന്നു വിഭാഗങ്ങളിലും കൂടിയോ പരമാവധി മൂന്ന് എൻട്രികൾ സമർപ്പിക്കാവുന്നതാണ്.

(II) ദൃശ്യ മാധ്യമ അവാർഡിനുള്ള പൊതു നിബന്ധനകൾ

(i) അപേക്ഷകൻ/ അപേക്ഷക മലയാളം ടെലിവിഷൻ ചാനലുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വ്യക്തിയായിരിക്കണം.

(ii) അവാർഡിനായി സമർപ്പിക്കുന്ന റിപ്പോർട്ട്/ ഷോർട്ട് ഫിലിം/ പരിപാടി മലയാളത്തിലുള്ളതും മുൻവർഷം ജനുവരി 1 നും ഡിസംബർ 31 നും ഇടയിൽ ആദ്യമായി സംപ്രേഷണം ചെയ്തിട്ടുള്ളതും ആയിരിക്കേണ്ടതാണ്.

(iii) അവാർഡിനായുള്ള സൃഷ്ടികൾ സംപ്രേഷണം ചെയ്ത രൂപത്തിൽ തന്നെ സമർപ്പിക്കേണ്ടതാണ്. സംപ്രേഷണം ചെയ്ത ശേഷം എഡിറ്റ് ചെയ്ത് അവാർഡിനായി സമർപ്പിക്കപ്പെടുന്നവ പരിഗണിക്കുന്നതല്ല.

(iv) ഒരു അപേക്ഷകന് ഒരു വിഭാഗത്തിലോ മൂന്നു വിഭാഗങ്ങളിലും കൂടിയോ പരമാവധി മൂന്ന് എൻട്രികൾ സമർപ്പിക്കാവുന്നതാണ്.

(v) എൻട്രികൾ ഡി. വി. ഡി രൂപത്തിൽ പരിപാടി സംപ്രേക്ഷണം ചെയ്ത തീയതി, സമയം എന്നിവ ബന്ധപ്പെട്ട ടെലിവിഷൻ ചാനൽ മേധാവി സാക്ഷ്യപ്പെടുത്തി ആറ് പകർപ്പുകൾ സഹിതം സമർപ്പിക്കേണ്ടതാണ്.

## 5. ജൂറിയുടെ രൂപീകരണം

കേരള നിയമസഭാ സ്പീക്കർ/സ്പീക്കറുടെ ചുമതല വഹിക്കുന്ന വ്യക്തി നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങളടങ്ങുന്ന ജൂറി ആയിരിക്കും അവാർഡിനർഹരായവരെ തെരഞ്ഞെടുക്കുന്നത്.

## 6. ജൂറിയുടെ ഘടന

ജൂറിയുടെ ഘടന താഴെപ്പറയും പ്രകാരമുള്ള അംഗങ്ങൾ ഉൾപ്പെടുന്നതായിരിക്കും

| | |
|---|---|
| (i) ചെയർമാൻ | : സാഹിത്യ/ മാധ്യമ/ വിദ്യാഭ്യാസ രംഗത്ത് നിന്നുള്ള ഒരു പ്രമുഖ വ്യക്തി/ ഹൈക്കോടതിയിൽ നിന്നോ ജില്ലാ കോടതിയിൽ നിന്നോ വിരമിച്ച ജഡ്ജി. |
| (ii) അംഗങ്ങൾ | : i) ദൃശ്യ മാധ്യമത്തിൽ നിന്നും അച്ചടി മാധ്യമത്തിൽ നിന്നും ഓരോ മുതിർന്ന മാധ്യമ പ്രവർത്തകൻ<br>ii) മാധ്യമ രംഗത്ത് നിന്നുള്ള വിദ്യാഭ്യാസ വിചക്ഷണൻ<br>iii) സാഹിത്യ/നിരൂപണ രംഗത്തുനിന്നുള്ള ഒരു പ്രമുഖ വ്യക്തി |
| (iii) മെമ്പർ സെക്രട്ടറി | : നിയമസഭാ സെക്രട്ടറി |

## 7. ജൂറി യോഗവും ക്വാറവും

(i) ജൂറിയുടെ യോഗം ചെയർമാൻ നിർദ്ദേശിക്കുന്ന തീയതിയിലും സമയത്തും നിയമസഭാ സമുച്ചയത്തിൽ ചേരുന്നതാണ്.

(ii) ജൂറി യോഗത്തിന്റെ ക്വാറം മൂന്ന് അംഗങ്ങൾ ആയിരിക്കുന്നതാണ്.

(iii) ജൂറി ചെയർമാൻ ഏതെങ്കിലും യോഗത്തിൽ ഹാജരാകാത്തപക്ഷം ഹാജരായിട്ടുള്ള അംഗങ്ങൾ നിശ്ചയിക്കുന്ന അംഗം പ്രസ്തുത യോഗത്തിൽ അദ്ധ്യക്ഷത വഹിക്കേണ്ടതാണ്.

## 8. അവാർഡ് നിർണ്ണയം

അവാർഡ് നിർണ്ണയ യോഗത്തിൽ ഹാജരായി വോട്ട് ചെയ്യുന്ന അംഗങ്ങളുടെ ഭൂരിപക്ഷ വോട്ടുകൾ പ്രകാരം അവാർഡ് ജേതാക്കളെ നിർണ്ണയിക്കേണ്ടതാണ്. ഏതെങ്കിലും സാഹചര്യത്തിൽ തുല്യവോട്ട് വരുന്നപക്ഷം ചെയർമാന്റെ കാസ്റ്റിംഗ് വോട്ടിലൂടെ ജേതാവിനെ നിർണ്ണയിക്കേണ്ടതാണ്. അവാർഡ് നിർണ്ണയ കാര്യത്തിൽ ജൂറിയുടെ തീരുമാനം അന്തിമമായിരിക്കും. ജൂറി മുമ്പാകെ വരുന്ന ഏതൊരു പ്രശ്നവും യോഗത്തിൽ ഹാജരായി വോട്ട് ചെയ്യുന്ന അംഗങ്ങളുടെ ഭൂരിപക്ഷ വോട്ടുകൾ പ്രകാരം തീരുമാനിക്കേണ്ടതാണ്.

## 9. ഭരണ നിർവ്വഹണവും സാമ്പത്തികപരവുമായ വിഷയങ്ങൾ

(i) അവാർഡ് നിർണ്ണയവുമായി ബന്ധപ്പെട്ട എല്ലാ ഭരണപരമായ കാര്യങ്ങളും കേരള നിയമസഭയുടെ പാർലമെന്ററി പഠന പരിശീലന കേന്ദ്രത്തിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

(ii) അവാർഡ് ദാനവുമായി ബന്ധപ്പെട്ട ചെലവുകൾ അതത് സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിലെ '2011-02-101-99-05.4 - Kerala Legislative Assembly-Office Expenses - Other Items - (NP,V)' എന്ന ശീർഷകത്തിൽ നിന്നോ നിയമസഭയുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും ഉചിതമായ ശീർഷകത്തിൽ നിന്നോ വഹിക്കുന്നതാണ്.

## 10. വൈഷമ്യങ്ങൾ നീക്കംചെയ്യൽ

ഈ സ്കീമിലെ അവാർഡ് ജേതാക്കളുടെ തെരഞ്ഞെടുപ്പ് ഒഴികെയുള്ള ഏതൊരു വിഷയത്തിൽ ഉണ്ടാകാവുന്ന ഏതൊരു വൈഷമ്യത്തിന്മേലും കേരള നിയമസഭാ സ്പീക്കറുടെ അഥവാ സ്പീക്കറുടെ ചുമതല വഹിക്കുന്ന വ്യക്തിയുടെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

വി. കെ. ബാബു പ്രകാശ്,
സെക്രട്ടറി ,
കേരള നിയമസഭ.

അനുബന്ധം
(ഖണ്ഡിക 4 കാണുക)

# കേരള നിയമസഭ

## പാർലമെന്ററി പഠന പരിശീലന കേന്ദ്രം

## നിയമസഭാ മാധ്യമ അവാർഡ് സ്കീം

### അപേക്ഷാ ഫോറം

| അവാർഡ് വിഭാഗം | ദൃശ്യ മാധ്യമം | അച്ചടി മാധ്യമം |
|---|---|---|
| ആർ. ശങ്കരനാരായണൻ തമ്പി നിയമസഭാ മാധ്യമ അവാർഡ് | ☐ | ☐ |
| ഇ. കെ. നായനാർ നിയമസഭാ മാധ്യമ അവാർഡ് | ☐ | ☐ |
| ജി. കാർത്തികേയൻ നിയമസഭാ മാധ്യമ അവാർഡ് | ☐ | ☐ |

(ബന്ധപ്പെട്ട ഭാഗത്ത് ✓ അടയാളമിടുക)

| | | |
|---|---|---|
| 1. | പേര് മലയാളം | ............................................ |
| | ഇംഗ്ലീഷ് | ............................................ |
| 2. | പിതാവിന്റെ പേര് | |
| 3. | വയസ്, ജനനത്തീയതി | |
| 4. | സ്ത്രീ / പുരുഷൻ | |
| 5. | പൗരത്വം | |
| 6. | സ്ഥിരമേൽവിലാസം | |

| | | |
|---|---|---|
| 7. | കത്തിടപാടിനുള്ള വിലാസം | |
| 8. | ഫോൺ നമ്പർ | ലാൻഡ് ഫോൺ :<br><br>മൊബൈൽ : |
| 9. | ഇ-മെയിൽ വിലാസം | |
| 10. | എൻട്രികൾ പ്രസിദ്ധീകരിച്ച / സംപ്രേഷണം ചെയ്ത മാധ്യമത്തിന്റെ വിലാസം. | |
| 11. | അവാർഡിനായി സമർപ്പിച്ചിട്ടുള്ള എൻട്രികളുടെ വിശദാംശം. (പേര്, പ്രസിദ്ധീകരിച്ച / സംപ്രേഷണം ചെയ്ത തീയതി/സമയം/ലക്കം, മറ്റ് വിശദാംശങ്ങൾ) | 1.<br><br>2.<br><br>3. |
| 12. | മാധ്യമ മേധാവിയിൽ നിന്നുള്ള സാക്ഷ്യപത്രം സമർപ്പിച്ചിട്ടുണ്ടോ | ഉണ്ട് / ഇല്ല. |

## സത്യവാങ്മൂലം

മേൽ പ്രസ്താവിച്ചിട്ടുള്ള എല്ലാ വിവരങ്ങളും സത്യസന്ധവും വസ്തുതാപരവുമാണെന്ന് ഞാൻ സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

സ്ഥലം :
തീയതി :

പേരും ഒപ്പും.

## സാക്ഷ്യപത്രം

ശ്രീ/ശ്രീമതി ................................................................ തയ്യാറാക്കിയ/എഴുതിയ ...........................................................എന്ന പേരിലുള്ള റിപ്പോർട്ട് /ഫീച്ചർ/ലേഖനം/ ഷോർട്ട് ഫിലിം/പരിപാടി.................................തീയതിയിൽ ............................... മണിക്ക് (ദൃശ്യ മാധ്യമത്തിനു മാത്രം ബാധകം)................................................... എന്ന അച്ചടി/ദൃശ്യമാധ്യമത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതും/സംപ്രേഷണം ചെയ്തിട്ടുള്ളതും മൗലികവും മറ്റ് മാധ്യമങ്ങളിൽ മുൻപ് പ്രസിദ്ധീകരിച്ചിട്ടില്ലാത്തതും/സംപ്രേഷണം ചെയ്തിട്ടില്ലാത്തതും പ്രസിദ്ധീകരിച്ച / സംപ്രേഷണം ചെയ്ത ശേഷം എഡിറ്റ് ചെയ്യാത്തതും ആണെന്നു സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം :
തീയതി :

പേരും ഒപ്പും.
(സീൽ സഹിതം) *

* മാനേജിംഗ് എഡിറ്റർ / മാനേജിംഗ് ഡയറക്ടർ / ചീഫ് എഡിറ്റർ / എഡിറ്റർ (അച്ചടി മാധ്യമം)

* മാനേജിംഗ് ഡയറക്ടർ/ ചീഫ് എക്സിക്യൂട്ടീവ് / ചാനൽ മേധാവി / ന്യൂസ് മേധാവി (ദൃശ്യ മാധ്യമം)